# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂൺ 10**

---

**പുതിയ അപേക്ഷകൾ 13 വരെ നൽകാം**

## ഓണേഴ്സ് ബിരുദം ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിലും സർവകലാശാലാ കാമ്പസിലെ 4+1 പ്രോഗ്രാമുകളിലും ഏകജാലക പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അപേക്ഷ സമർപ്പിച്ചവർക്ക് ജൂൺ 13വരെ ഓപ്ഷനുകൾ കൂട്ടിച്ചേർക്കുകയും ഒഴിവാക്കുന്നതിനും പുനഃക്രമീകരിക്കുകയും തിരുത്തലുകൾ വരുത്തുകയും ചെയ്യാം. പേര്, ആധാർ നമ്പർ, മൊബൈൽ നമ്പർ, ഇമെയിൽ വിലാസം, പരീക്ഷാ ബോർഡ്, രജിസ്റ്റർ നമ്പർ, സംവരണ വിഭാഗം എന്നിവ ഒഴികെയുള്ള വിവരങ്ങളാണ് തിരുത്താൻ കഴിയുക.

ഓൺലൈനിൽ ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവർക്കും ഫീസ് അടച്ചശേഷം അപേക്ഷ നൽകാൻ കഴിയാത്തവർക്കും ജൂൺ 13വരെ രജിസ്റ്റർ ചെയ്യാം. കമ്യൂണിറ്റി മെരിറ്റ് ക്വാട്ടയിൽ അപേക്ഷിച്ചവർ ഓപ്ഷനുകൾ കൂട്ടിച്ചേർക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും പുതിയതായി രജിസ്റ്റർ ചെയ്യുന്നതിനും community merit quota log in എന്ന ഓപ്ഷൻ ഉപയോഗിക്കാം.

**സ്പോർട്സ്, കൾച്ചറൽ പിഡി**
**ക്വാട്ട; പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു**

ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ സ്പോർട്സ്, കൾച്ചറൽ, പിഡി ക്വാട്ടകളിൽ പ്രവേശനത്തിനുള്ള പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. അന്തിമ റാങ്ക് ലിസ്റ്റ് ജൂൺ 13ന് പ്രസിദ്ധീകരിക്കും. അന്തിമ ലിസ്റ്റിൽ ഉൾപ്പെടുന്നവർ പ്രവേശന സാധ്യതാ ലിസ്റ്റ് പരിശോധിച്ച് ജൂൺ 14നു മുൻപ് അതത് കോളജുകളിൽ പ്രവേശനം നേടണം.
(പി.ആർ.ഒ/39/443/2024)

## പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ചു

നാലാം സെമസ്റ്റർ സിബിസിഎസ് ബിഎ, ബികോം പ്രൈവറ്റ് രജിസ്ട്രേഷൻ(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷ ജൂൺ 13ന് ആരംഭിക്കും. സബ് സെന്ററുകൾ അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം സർവകലാശാലാ വെബ്സൈറ്റിൽ പ്രസി

ദ്ധീകരിച്ചു. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത കേന്ദ്രങ്ങളിൽനിന്നും ഹാൾ ടിക്കറ്റ് വാങ്ങി അനുവദിക്കപ്പെട്ട പരീക്ഷാ കേന്ദ്രത്തിൽ പരീക്ഷയ്ക്ക് ഹാജരാകണം.
(പി.ആർ.ഒ/39/444/2024)

## ഭക്ഷ്യ സുരക്ഷാ ബോധവത്കരണ പരിപാടി നടത്തി

ലോക ഭക്ഷ്യ സുരക്ഷാ ദിനാചരണത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻറ് ടെക്നോളജിയും കോട്ടയം ജില്ലാ ഭക്ഷ്യ സുരക്ഷാ ഓഫീസും സംയുക്തമായി സംഘടിപ്പിക്കുന്ന ബോധവത്കരണ പരിപാടി വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു.

ഭക്ഷ്യ സുരക്ഷാ അസിസ്റ്റൻറ് കമ്മീഷണർ സി.ആർ. രൺദീപ് ആമുഖ പ്രഭാഷണം നടത്തി. രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻറ് ടെക്നോളജി ഡയറക്ടർ ഡോ. എം.എസ്. ജിഷ, കോ ഓർഡിനേറ്റർ ഡോ. അനൂജ തോമസ്, ഡോ. ഇ.വി. രാമസ്വാമി, ഫുഡ് സേഫ്റ്റി സൊല്യൂഷൻസ് ഇൻറർനാഷണൽ ജനറൽ മാനേജർ ടി.ആർ. അനന്തനാരായണൻ തുടങ്ങിയവർ പങ്കെടുത്തു.
(പി.ആർ.ഒ/39/445/2024)

## ജൂണിയർ റിസർച്ച് ഫെലോ; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ സയൻസ് ആന്റ് എൻജിനീയറിംഗ് റിസർച്ച് ബോർഡ് സ്പോൺസർ ചെയ്യുന്ന പ്രോജക്ടിൽ ജൂണിയർ റിസർച്ച് ഫെലോയുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. ഒൻപതു മാസമാണ് പ്രോജക്ട് കാലാവധി. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. താത്പര്യമുള്ളവർ serbcrgmgu2021@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ജൂൺ 15ന് മുൻപ് അപേക്ഷ അയയ്ക്കണം.
(പി.ആർ.ഒ/39/446/2024)

## പ്രോജക്ട് ഇവാലുവേഷൻ

നാലാം സെമസ്റ്റർ എംഎസ്സി ആക്ച്യൂരിയൽ സയൻസ്(2022 അഡ്മിഷൻ റഗുലർ, 2019, 2020, 2021 അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രോജക്ട് ഇവാലുവേഷൻ, വൈവ വോസി പരീക്ഷകൾ ജൂൺ 28ന് മൂലമറ്റം സെന്റ് ജോസഫ് അക്കാദമി ഓഫ് ഹയർ എജ്യൂക്കേഷൻ ആന്റ് റിസർച്ചിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/447/2024)

## ഒഴിവുള്ള സീറ്റുകളിൽ പ്രവേശനം

മഹാത്മാഗാന്ധി സർവകലാശാലയിലെ പഠന വകുപ്പായ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് നടത്തുന്ന ഇൻലാൻഡ് വെസ്സൽ ക്രൂ സർട്ടിഫിക്കേഷൻ പ്രോഗ്രാമിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിശദ വിവരങ്ങൾക്ക് വകുപ്പ് ഓഫീസുമായി ബന്ധപെടണം. ഫോൺ – 9447723704, 04812733374.
(പി.ആർ.ഒ/39/448/2024)

## പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ ഐഎംസിഎ(2017, 2018, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷ ജൂൺ 19ന് തുടങ്ങും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/449/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**